പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3623 — 19.02.2013 ൽ മറുപടിയ്ക്ക്

അന്തർസംസ്ഥാന നദീജലക്കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) കേരളം ഏതെല്ലാം സംസ്ഥാനങ്ങളുമായിട്ടാണ് നദീജലക്കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | കേരളം തമിഴ്നാടുമായിട്ടാണ് നദീജല കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളത്. |
| (ബി) കരാറുകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എ.പി കരാറിലെ വ്യവസ്ഥകൾ തമിഴ്നാട് ലംഘിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട കരാർ ലംഘനങ്ങൾ താഴെ പറയുന്നു.<br><br>1. കേരള ഷോളയാറിലെ ജലവിതാനം നിശ്ചിത തീയതികളിൽ (ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും) നിശ്ചിത ലെവലുകളിൽ (FRL+2663 feet)-ൽ നിർത്താതിരിക്കുക.<br>2. കാടംപാറ ഡാമിന്റെ നിർമ്മാണം.<br>3. ആളിയാർ, തിരുമൂർത്തി ഡാമുകളുടെ താഴെ മിനിഹൈഡൽ പ്രോജക്ടുകളുടെ നിർമ്മാണം.<br>4. പറമ്പിക്കുളത്തെ കെട്ടിടങ്ങൾ പൂർണമായും കേരളത്തിന് വിട്ടു തരാതിരിക്കുക.<br>5. കോണ്ടൂർ കനാലിന്റെ റീ ലൈനിംഗ്.<br>6. തമിഴ്നാട് ഷോളയാർ റിസർവോയറിൽ ഒരു സാഡിൽ സ്പിൽവേ അധികമായി നിർമ്മിച്ചത്.<br>7. ആളിയാറിലേക്ക് ഒഴുകുന്ന ജലത്തിന്റെ കുറവ്.<br>8. മണക്കടവ് വിയറിൽ നിന്ന് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭിക്കേണ്ട ജലം ചില വർഷങ്ങളിൽ ലഭിക്കാത്തത്. |

| | | |
|---|---|---|
| (സി) അന്തർസംസ്ഥാന നദീജലക്കരാർ പാലിക്കുന്നതിനു വേണ്ടി മറ്റു സംസ്ഥാനങ്ങളിൽ സമ്മർദ്ദം ചെലുത്തുന്നതിന് കേന്ദ്ര സഹായം നേടിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) ഇതിനായി കേരളം മുൻകൈ എടുത്ത് സംയുക്ത യോഗം വിളിച്ചുചേർക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ഇക്കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**